"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/17/2025-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-03-2025

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് ആദ്യപരിഗണന നൽകി തുക വിനിയോഗിക്കണമെന്നത് - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.198/2023/തസ്വഭവ; തീയതി 13.11.2023
4. സ.ഉ.(സാധാ) നം.1236/2024/LSGD; 07.07.2024
5. സ.ഉ.(സാധാ) നം.2101/2024/LSGD; തീയതി 04.11.2024
6. ബഹ. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.11.2024- ന് നടന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ അവലോകനയോഗത്തിന്റെ നടപടിക്കുറിപ്പ്
7. ബഹ. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.12.2024-ന് നടന്ന സർവ്വ കക്ഷി യോഗത്തിന്റെ നടപടിക്കുറിപ്പ്
8. സ.ഉ.(സാധാ) നം.494/2025/LSGD; തീയതി 17.02.2025
9. സ.ഉ.(സാധാ) നം.1625/2025/ധന; തീയതി 20.02.2025

**********************

ഓരോ അതിദരിദ്ര കുടുംബത്തിന്റെയും സവിശേഷ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സൂക്ഷ്മ വികസന പരിപാടികൾ തയ്യാറാക്കുന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതുമുൻഗണനകളിൽ പെട്ട വിഷയമാണ്. അതിദാരിദ്ര്യത്തിൽ നിന്നും അവരെ കരകയറ്റുന്നതിനുള്ള മൈക്രോപ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് അനിവാര്യമായും വികസനഫണ്ടിൽ നിന്നും തുക വകയിരുത്തണമെന്ന് സൂചന 1, 2 മാർഗ്ഗരേഖകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതികൾ 2024-25 വാർഷിക പദ്ധതിയിൽ മുൻഗണന നൽകി ഏറ്റെടുക്കുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങൾ സൂചന 3, 4, 5 ഉത്തരവുകൾ പ്രകാരവും നൽകിയിരുന്നു. 2024-25 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അവസാന അവസരം എന്ന നിലയിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ടുള്ള സൂചന 8 ഉത്തരവിലും ഇതിനുള്ള പ്രൊജക്ടുകൾ ഉൾപ്പെടുത്തുന്നതിനും പ്രോജക്ടുകളുടെ വിഹിതം ക്രമീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി സർക്കാരിന്റെ മുൻഗണനാ പദ്ധതികളിൽ പ്രഥമ പരിഗണന നൽകേണ്ട പദ്ധതിയാണ്. 2025 നവംബർ 1 ന് പദ്ധതി പൂർത്തികരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആദ്യ വർഷം പദ്ധതി ഉദ്ദേശിച്ച പുരോഗതി കൈവരിച്ച്, പദ്ധതി പ്രവത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ടെങ്കിലും, നിലവിൽ ലക്ഷ്യമിട്ട പുരോഗതി കൈവരിക്കാനായിട്ടില്ല. ഉദ്ദേശിച്ച കാലാവധി അവസാന ഘട്ടത്തിലായതിനാൽ നടപടികൾ വേഗത്തിലാക്കി 2025 മേയ് - 30ന് മുൻപ് എല്ലാ ടാർഗറ്റുകളും പൂർത്തീകരിക്കേണ്ടതുണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2024-25 വികസന ഫണ്ടിന്റെ അവസാന ഗഡു സൂചന 9 പ്രകാരം അനുവദിച്ചിട്ടുണ്ട്. മൂന്നാം ഗഡുവായി ലഭിച്ച ഫണ്ടിൽ നിന്നും അതിദാരിദ്ര്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് ആദ്യപരിഗണന നൽകി ആവശ്യമുള്ള തുക വിനിയോഗിക്കണമെന്നും, അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി മറ്റു ഫണ്ടുകൾ വകയിരുത്തിയിട്ടുള്ള പ്രോജക്ടുകൾക്കും അപ്രകാരം തന്നെ നിർബന്ധമായും തുക വിനിയോഗിക്കണമെന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു.

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 03-03-2025 14:11:52

സെക്ഷൻ ഓഫീസർ.